FY-449

Reg. No. : ....

Name : ....

FIRST YEAR HIGHER SECONDARY EXAMINATION, MARCH – 2024

Part – III

ACCOUNTANCY WITH ANALYSIS OF FINANCIAL STATEMENTS

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

General Instructions to Candidates :

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Answer any ten questions from 1 to 11. Each carries 1 score. **(10 × 1 = 10)**

1. Which of the following is not a business transaction ?
   (a) Purchased stationery for business use ₹ 2,000.
   (b) Paid daughter's tuition fee from personal bank account ₹ 5,000.
   (c) Paid rent by cheque from bank account of business ₹ 8,000.
   (d) Paid wage to employees ₹ 10,000

2. Amount invested by the owner in the business is ______.
   (a) Purchase (b) Sales
   (c) Capital (d) Drawings

3. Journal entry to record Rent received will include
   (a) Debit Rent and Credit Cash (b) Debit Cash and Credit Rent
   (c) Debit Rent and Credit Capital (d) Debit Cash and Credit Capital

4. Purchased furniture for ₹ 4,500 from ABC Ltd. Identify the day book to record this transaction.
   (a) Cash Book (b) Purchase Book
   (c) Sales Book (d) Journal Proper

5. Repairs to Machinery ₹ 500 was recorded to Machinery account. Which of the following error is related to this entry ?
   (a) Error of Principle (b) Error of Omission
   (c) Error of Commission (d) Compensating error

6. ______ is prepared to verify the arithmetical accuracy of posting to the ledger accounts.
   (a) Cash Book (b) Balance Sheet
   (c) Trial Balance (d) Profit and Loss A/c

1 മുതൽ 11 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക.
1 സ്കോർ വീതം. **(10 x 1 = 10)**

1. ഇനിപ്പറയുന്നവയിൽ ബിസിനസ് ഇടപാടല്ലാത്തതേത്?

   (a) ബിസിനസ് ആവശ്യത്തിനായി 2,000 രൂപയുടെ സ്റ്റേഷനറി വാങ്ങിച്ചു.

   (b) മകളുടെ ട്യൂഷൻ ഫീസ് സ്വന്തം ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി, ₹ 5,000

   (c) ബിസിനസ്സിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും വാടക നൽകി, ₹ 8,000

   (d) തൊഴിലാളികൾക്ക് കൂലി കൊടുത്തു ₹ 10,000

2. ഉടമസ്ഥൻ ബിസിനസിൽ നിക്ഷേപിക്കുന്ന പണം ______ ആണ്.

   (a) വാങ്ങൽ (b) വിൽപ്പന

   (c) മൂലധനം (d) തൻപറ്റ്

3. വാടക ലഭിച്ചത് രേഖപ്പെടുത്തുന്ന ജേർണൽ എൻട്രി ഉൾപ്പെടുന്നത്

   (a) ഡെബിറ്റ് റെന്റ്, ക്രെഡിറ്റ് ക്യാഷ് (b) ഡെബിറ്റ് ക്യാഷ്, ക്രെഡിറ്റ് റെന്റ്

   (c) ഡെബിറ്റ് റെന്റ്, ക്രെഡിറ്റ് ക്യാപിറ്റൽ (d) ഡെബിറ്റ് ക്യാഷ്, ക്രെഡിറ്റ് ക്യാപിറ്റൽ

4. എ.ബി.സി. ലിമിറ്റഡിൽ നിന്നും 4,500 രൂപയുടെ ഫർണിച്ചർ വാങ്ങിച്ചു. ഈ ഇടപാടു രേഖപ്പെടുത്തുന്ന ദിനബുക്ക് (അനുബന്ധ ബുക്ക്) കണ്ടെത്തുക.

   (a) ക്യാഷ് ബുക്ക് (b) പർച്ചേസ് ബുക്ക്

   (c) സെയിൽസ് ബുക്ക് (d) ജേർണൽ പ്രോപ്പർ

5. മെഷിനറിയുടെ കേടുപാടുകൾ നടത്തിയ വകയിൽ 500 രൂപ ചെലവായത് മെഷിനറി അക്കൗണ്ടിൽ രേഖപ്പെടുത്തി. ഈ രേഖപ്പെടുത്തലുമായി ബന്ധപ്പെട്ട തെറ്റ് താഴെ കൊടുത്തവയിലേതാണ്?

   (a) താത്വിക തെറ്റുകൾ (b) ഉപേക്ഷാത്തെറ്റുകൾ

   (c) നിർവഹണത്തെറ്റുകൾ (d) പൂരികൃതത്തെറ്റുകൾ

6. ലെഡ്ജർ അക്കൗണ്ടുകളിൽ പോസ്റ്റ് ചെയ്തത് സാംഖികമായി ശരിയാണോ എന്ന് പരിശോധിക്കുന്നതിന് ______ തയ്യാറാക്കുന്നു.

   (a) ക്യാഷ് ബുക്ക് (b) ബാക്കി പത്രം

   (c) ശിഷ്ട പത്രം (d) ലാഭ നഷ്ട കണക്ക്

7. Writing off the value of Patents is termed as _____.

(a) Depreciation (b) Depletion

(c) Amortisation (d) None of these

8. Discount allowed shown on ______.

(a) Debit side of Profit and Loss account

(b) Credit side of Profit and Loss account

(c) Debit side of Trading account

(d) Credit side of Trading account

9. _______ reserve is not shown in the Balance Sheet

(a) General Reserve (b) Specific Reserve

(c) Secret Reserve (d) None of these

10. Interest received during the year 2023-24 amounted to ₹ 4,000, which includes interest received in advance during the year amounting to ₹ 500. What is the amount of interest to be shown in the Profit and Loss account during the year 2023-24 ?

(a) ₹ 4,500 (b) ₹ 4,000

(c) ₹ 3,500 (d) ₹ 500

11. Salary outstanding is _______ in Profit and Loss account

(a) Added to Salary account

(b) Deducted from Salary account

(c) Not considered

(d) Add or deduct from Salary account

Answer any four questions from 12 to 17. Each carries 2 scores. **(4 × 2 = 8)**

12. Identify the accounting concepts related with the followings :

(a) Business enterprises will not be liquidated in the near future.

(b) Same accounting method should be used from one accounting period to the next.

7. നിർമ്മാണാവകാശത്തിന്റെ വില കണക്കുകളിൽ നിന്നും ഒഴിവാക്കുന്നതിന് _____ എന്ന പദം ഉപയോഗിക്കുന്നു.

(a) മൂല്യക്ഷയം (b) മൂല്യ ശോഷണം

(c) എഴുതിത്തള്ളൽ (d) ഇവയൊന്നുമല്ല

8. ഡിസ്കൗണ്ട് അനുവദിച്ചത് ______ ലാണ് കാണിക്കുന്നത്.

(a) ലാഭ നഷ്ട കണക്കിന്റെ ഡബിറ്റ് ഭാഗം

(b) ലാഭ നഷ്ട കണക്കിന്റെ ക്രെഡിറ്റ് ഭാഗം

(c) വ്യാപാര കണക്കിന്റെ ഡെബിറ്റ് ഭാഗം

(d) വ്യാപാരകണക്കിന്റെ ക്രെഡിറ്റ് ഭാഗം

9. ________ കരുതൽ ധനം ബാലൻസ് ഷീറ്റിൽ കാണിക്കാറില്ല.

(a) പൊതു കരുതൽ ധനം (b) നിർദ്ദിഷ്ട കരുതൽ ധനം

(c) രഹസ്യ കരുതൽ ധനം (d) ഇവയൊന്നുമല്ല

10. 2023-24 വർഷം ലഭിച്ചിരിക്കുന്ന പലിശ 4,000 രൂപയിൽ –

2023-24 മുൻകൂറായി ലഭിച്ച പലിശ ₹ 500.

2023-24 വർഷത്തെ ലാഭനഷ്ട കണക്കിൽ രേഖപ്പെടുത്തുന്ന പലിശ ഇനത്തിൽ വരുന്ന തുക എത്ര ?

(a) ₹ 4,500 (b) ₹ 4,000

(c) ₹ 3,500 (d) ₹ 500

11. ലാഭ നഷ്ട കണക്ക് തയ്യാറാക്കുമ്പോൾ നൽകുവാനുള്ള ശമ്പളം ________ ചെയ്യുന്നു.

(a) ശമ്പളത്തിൽ കൂടെ ചേർക്കുന്നു

(b) ശമ്പളത്തിൽ നിന്നും കുറക്കുന്നു.

(c) പരിഗണിക്കുന്നില്ല

(d) ശമ്പളത്തിൽ നിന്നും ചേർക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നു.

12 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. **(4 × 2 = 8)**

12. താഴെ കൊടുത്തവയുമായി ബന്ധപ്പെടുന്ന അക്കൗണ്ടിംഗ് തത്വങ്ങൾ കണ്ടെത്തുക :

(a) ബിസിനസ് സ്ഥാപനങ്ങൾ അടുത്ത ഭാവിയിലൊന്നും തന്നെ അടച്ചുപൂട്ടുന്നതല്ല.

(b) ഒരു അക്കൗണ്ടിംഗ് കാലയളവിൽ നിന്നും അടുത്ത കാലയളവിലേക്ക് ഒരേ അക്കൗണ്ടിംഗ് രീതികളാണ് ഉപയോഗിക്കേണ്ടത്.

13. Write any two transactions which will result in the increase and decrease of assets

14. Write a short note on Bank overdraft

15. List out any two differences between revenue expenditure and capital expenditure

16. Classify the following into current assets and fixed assets :

(a)	Land and building	(b)	Debtors
(c)	Machinery	(d)	Stock

17. What is adjustment entry for the following ?

(a) Rent paid in advance

(b) Depreciation on machinery

Answer any seven questions from 18 to 26. Each carries 3 scores. **(7 × 3 = 21)**

18. Find out the accounting terms for the following

(a) Profit arises from the events incidental to business

(b) Money or goods withdrawn by the owner from the business for personal use

(c) Person who owes money to the business for buying goods on credit.

19. "All expenses incurred whether paid during the year or not should be taken into account."

(a) Identify the accounting concept

(b) Explain it

20. Prove the accounting equation for the following transactions

(a)	Started business with cash	₹ 80,000
(b)	Purchased goods	₹ 30,000
(c)	Sold goods (costing ₹ 10,000) for	₹ 12,000

13. ആസ്തികളുടെ വിലയിൽ വർധനവും കുറവും വരുന്ന ഏതെങ്കിലും രണ്ട് ഇടപാടുകൾ എഴുതുക.

14. ബാങ്ക്ഓവർഡ്രാഫ്റ്റിനെകുറിച്ച് ഒരു ചെറു വിവരണം എഴുതുക.

15. വരുമാന ചെലവും മൂലധന ചെലവും തമ്മിലുള്ള ഏതെങ്കിലും രണ്ട് വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.

16. താഴെ കൊടുത്തവയെ സ്ഥിരാസ്തികൾ അസ്ഥിരാസ്തികൾ എന്നിവയായി തരം തിരിക്കുക :

(a) സ്ഥലവും കെട്ടിടവും (b) ഡബ്റ്റേർസ്

(c) യന്ത്രസാമഗ്രികൾ (d) നീക്കിയിരുപ്പ്

17. ഇനിപ്പറയുന്നവയുടെ ക്രമീകരണ എൻട്രി ഏതാണ്?

(a) വാടക മുൻകൂറായി നൽകി.

(b) മെഷിനു തേയ്മാനം സംഭവിച്ചു.

18 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. **(7 × 3 = 21)**

18. ഇനിപ്പറയുന്നവയ്ക്ക് അനുയോജ്യമായ അക്കൗണ്ടിംഗ് പദം കണ്ടെത്തുക

(a) ബിസിനസ്സിൽ ആകസ്മികമായി ഉണ്ടാകുന്ന സംഭവങ്ങളിലൂടെ ലഭിക്കുന്ന ലാഭം.

(b) പണമോ വസ്തുവകകളോ ഉടമസ്ഥന്റെ വ്യക്തിപരമായ ആവശ്യത്തിനായി ബിസിനസ്സിൽ നിന്നും പിൻവലിക്കുന്നത്.

(c) സാധനമോ സേവനമോ കടമായി വാങ്ങിച്ച വകയിൽ സ്ഥാപനത്തിനു പണം നൽകുവാനുള്ള വ്യക്തി.

19. ഒരു വർഷം ഉണ്ടാകുന്ന എല്ലാ ചെലവുകളും നൽകിയാലും ഇല്ലെങ്കിലും ആ വർഷത്തെ കണക്കിൽ ഉൾപ്പെടുത്തിയിരിക്കണം.

(a) അക്കൗണ്ടിംഗ് തത്വം കണ്ടെത്തുക.

(b) പ്രസ്തുത തത്വം വിശദീകരിക്കുക.

20. ഇനിപ്പറയുന്ന ഇടപാടുകളുമായി ബന്ധപ്പെട്ട അക്കൗണ്ടിംഗ് സമവാക്യം തെളിയിക്കുക :

(a) 80,000 രൂപയോടുകൂടി ബിസിനസ് തുടങ്ങി.

(b) 30,000 രൂപയ്ക്ക് സാധനം വാങ്ങിച്ചു.

(c) 10,000 രൂപ വിലയുള്ള സാധനം 12,000 രൂപയ്ക്ക് വിറ്റു.

21. List out any three reasons which causes differences between the balances of Pass book and Cash book.

22. Identify the errors for the following and explain it
Purchased goods for ₹ 5,400 recorded as ₹ 4,500.

23. Prepare a table showing the differences between straight line method and diminishing balance method of charging depreciation.

24. Compute the cost of goods sold.

	₹
Sales	2,00,000
Purchases	1,50,000
Wages	10,000
Stock (1-4-2022)	30,000
Stock (31-3-2023)	40,000
Carriage inward	10,000

25. Find out the amount to be debited to Profit and Loss account.
Debtors ₹ 30,000
Bad Debts ₹ 2,000
Provision for Bad debts 5% on debtors.

26. Show how the following items will appear to the financial statement of a business organization :
(a) Wages paid ₹ 6,000
(b) Wages prepaid ₹ 500

Answer any five questions from 27 to 32. Each carries 5 scores. (5 × 5 = 25)

27. Match Column A with Column B

A	B
(a) Loan from Bank	(i) Intangible asset
(b) Computer Software	(ii) Source document
(c) Cash at Bank	(iii) Revenue
(d) Sales	(iv) Current assets
(e) Voucher	(v) Liabilities

21. പാസ്ബുക്ക് നീക്കിയിരിപ്പും ക്യാഷ്ബുക്ക് നീക്കിയിരിപ്പും തമ്മിൽ വ്യത്യാസപ്പെടുവാനുള്ള ഏതെങ്കിലും മൂന്ന് കാരണങ്ങൾ പട്ടികപ്പെടുത്തുക.

22. താഴെ കൊടുത്തിരിക്കുന്നതുമായി ബന്ധപ്പെട്ട തെറ്റ് കണ്ടെത്തി വിശദീകരിക്കുക. 5,400 രൂപയ്ക്ക് സാധനം വാങ്ങിച്ചത് 4,500 രൂപ രേഖപ്പെടുത്തി.

23. മൂല്യശോഷണം കണക്കാക്കുന്നതിനുള്ള നേർ രേഖാ രീതിയും ഡിമിനിഷിംഗ് ബാലൻസ് രീതിയും കാണിക്കുന്ന ടേബിൾ തയ്യാറാക്കുക.

24. വിറ്റ സാധനത്തിന്റെ വില കണക്കാക്കുക.

	₹
വിൽപ്പന	2,00,000
വാങ്ങൽ	1,50,000
കൂലി	10,000
നീക്കിയിരിപ്പ് (1-4-2022)	30,000
നീക്കിയിരിപ്പ് (31-3-2023)	40,000
കടത്തു കൂലി	10,000

25. ലാഭനഷ്ട കണക്കിൽ ഡബിറ്റ് ചെയ്യുന്ന തുക കണ്ടെത്തുക.

ഡബ്റ്റേഴ്സ് ₹ 30,000

കിട്ടാക്കടം ₹ 2,000

കിട്ടാകടത്തിനുള്ള കരുതൽ ഡബ്റ്റേഴ്സിന്റെ 5%

26. ഇനിപ്പറയുന്ന ഇനങ്ങൾ ഒരു ബിസിനസ് സ്ഥാപനത്തിന്റെ ധനകാര്യ പത്രികകളിൽ എങ്ങനെയാണ് കാണിക്കുന്നത് :

(a) ശമ്പളം നൽകിയത് ₹ 6,000

(b) ശമ്പളം മുൻകൂറായി നൽകിയത് ₹ 500

27 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം. (5 × 5 = 25)

27. കോളം എ കോളം ബിയുമായി ചേരുംപടി ചേർക്കുക.

എ	ബി
(a) ബാങ്ക് വായ്പ	(i) അദൃശ്യ ആസ്തി
(b) കമ്പ്യൂട്ടർ സോഫ്റ്റ്‌വേർ	(ii) ഉറവിട രേഖ
(c) ബാങ്കിലുള്ള പണം	(iii) വരുമാനം
(d) വിൽപ്പന	(iv) അസ്ഥിരാസ്തി
(e) വൗച്ചർ	(v) ബാധ്യതകൾ

28. Write a short note on GST.

29. Prepare a purchase day book from the following transactions :

2022

Jan. 1	Purchased from Sangi & Co.	
	10 Refrigerator of	₹ 25,000
	4 Colour TV of	₹ 30,000
	Trade discount 5%	
Jan. 5	10 Washing-machine of	₹ 15,000
	5 Air-conditioner of	₹ 20,000
	Trade discount 2%	

30. Prepare a Bank reconciliation statement from the following :

(a) Balance as per cash book ₹ 28,000

(b) Cheque issued but not presented ₹ 4,000

(c) Cheque presented but not collected ₹ 7,000

(d) Bank charges debited in pass book ₹ 400

(e) Electricity bill paid by bank ₹ 3,000

31. Rectify the following errors :

(a) Wages paid ₹ 7,000 debited to employees personal account.

(b) Sales day book overcast by ₹ 1,000.

(c) Purchased goods for ₹ 4,500 recorded in sales book.

(d) Rent paid ₹ 5,400 recorded as ₹ 4,500.

(e) Cash paid to Ram ₹ 3,000 posted to Raheem account.

32. A plant was purchased on 1-4-2022 for ₹ 80,000 It has a life time of 10 years and a scrap value of ₹ 5,000. Calculate depreciation under Straight line method and prepare Plant account for the first four years.

28. ജി.എസ്.ടി യെക്കുറിച്ച് ഒരു ലഘു വിവരണം നല്കുക.

29. ഇനിപ്പറയുന്ന ഇടപാടുകളെ സംബന്ധിച്ച് ഒരു പർച്ചേസ് ഡേ ബുക്ക് തയ്യാറാക്കുക :

2022

ജനു. 1 സംഗി & കമ്പനിയിൽ നിന്നും വാങ്ങിച്ചു

10 റഫ്രിജറേറ്റർ 25,000 രൂപവീതം

4 കളർ ടിവി 30,000 രൂപ വീതം

വ്യാപാര ഡിസ്കൗണ്ട് 5%

ജനു. 5 10 വാഷിംഗ് മെഷീൻ 15,000 രൂപവീതം

5 എയർ കണ്ടീഷനർ 20,000 രൂപ വീതം

വ്യാപാര ഡിസ്കൗണ്ട് 2%

30. ഇനിപ്പറയുന്നവയുടെ അടിസ്ഥാനത്തിൽ ബാങ്ക് അനുരഞ്ജനപ്പട്ടിക തയ്യാറാക്കുക :

(a)	ക്യാഷ് ബുക്ക് നീക്കിയിരിപ്പ്	28,000 രൂപ
(b)	ചെക്ക് പുറപ്പെടുവിച്ചത് ഹാജരാക്കാത്തത്	4,000 രൂപ
(c)	ചെക്ക് സമർപ്പിച്ചത് ശേഖരിക്കാത്തത്	7,000 രൂപ
(d)	ബാങ്ക് ചാർജ് പാസ് ബുക്കിൽ ഡെബിറ്റ് ചെയ്തത്	400 രൂപ
(e)	ഇലക്ട്രിസിറ്റി ബിൽ ബാങ്ക് അടച്ചത്	3,000 രൂപ

31. താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക

(a) 7,000 രൂപ കൂലി നൽകിയത് തൊളിലാളിയുടെ വ്യക്തിപരമായ അക്കൗണ്ടിൽ ഡബിറ്റ് ചെയതു.

(b) വിൽപ്പന ബുക്ക് 1,000 രൂപ അധികം കാണിക്കുന്നു.

(c) 4,500 രൂപയുടെ സാധനം വാങ്ങിച്ചത് വിൽപ്പന ബുക്കിൽ രേഖപ്പെടുത്തി

(d) 5,400 രൂപ വാടക നൽകിയത് 4,500 രൂപ രേഖപ്പെടുത്തി

(e) രാമിന് 3,000 രൂപ നൽകിയത് റഹീമിന്റെ കണക്കിൽ രേഖപ്പെടുത്തി.

32. 1-4-2022 നു 80,000 രൂപ വിലയുള്ള ഒരു പ്ലാന്റ് വാങ്ങിച്ചു. അതിനു 10 വർഷം ജീവിത കാലാവധിയും 5,000 രൂപ ശിഷ്ടവിലയുമുണ്ട്. നേർരേഖാ രീതിഉപയോഗിച്ച് മൂല്യശോഷണം കണക്കാക്കുക. ആദ്യത്തെ നാലു വർഷത്തേക്കുള്ള പ്ലാന്റ് അക്കൗണ്ട് തയ്യാറാക്കുക.

Answer any two questions from 33 to 35. Each carries 8 scores. **(2 × 8 = 16)**

33. Journalise the following transactions of M/s. Life Line Ltd :

2023

March 1 Started business with cash ₹ 5,00,000

2 Opened a bank account ₹ 50,000

4 Purchased goods ₹ 75,000

8 Purchased furniture from Popular Traders ₹ 48,500

12 Sold goods for ₹ 18,700

15 Paid rent by cheque ₹ 8,000

22 Withdrew cash from banks for office use ₹ 5,000

26 Paid salaries ₹ 10,000

34. Prepare a Double column cash book from the following transactions of Arya Ltd.

2022

Jan. 1 Cash in Hand ₹ 12,000

Cash at Bank ₹ 18,000

4 Cash Sales ₹ 6,000

6 Purchased goods ₹ 4,500

8 Wages paid ₹ 4,000

9 Cash deposited into bank ₹ 2,000

12 Purchased goods by cheque ₹ 4,000

14 Received cash from Mahesh ₹ 5,000

16 Cheque received from Rajeev ₹ 4,500

18 Paid insurance premium by cheque ₹ 2,400

19 Payment for cash purchase ₹ 3,000

20 Paid rent by cheque ₹ 2,000

22 Cheque received from Rajeev deposited into bank ₹ 4,500

25 Cash withdrew from bank for office use ₹ 4,000

28 Cash withdrew from bank for personal use ₹ 1,500

33 മുതൽ 35 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)

33. ലൈഫ് ലൈൻ ലിമിറ്റഡിന്റെ ഇനിപ്പറയുന്ന ഇടപാടുകളുടെ ജേർണൽ എൻട്രി എഴുതുക

2023

മാർച്ച് 1 ബിസിനസ് തുടങ്ങാൻ പണം കൊണ്ടുവന്നു ₹ 5,00,000

2 ബാങ്കിൽ ഒരു അക്കൗണ്ട് തുടങ്ങി ₹ 50,000

4 സാധനങ്ങൾ വാങ്ങിച്ചു ₹ 75,000

8 പോപ്പുലർ ട്രേഡേഴ്സിൽ നിന്നും ഫർണിച്ചർ വാങ്ങി ₹ 48,500

12 സാധനങ്ങൾ വിറ്റു ₹ 18,700

15 വാടക നൽകുവാൻ ചെക്ക് കൊടുത്തു ₹ 8,000

22 ബാങ്കിൽ നിന്നും ഓഫീസ് ആവശ്യത്തിനു പണം പിൻവലിച്ചു ₹ 5,000

26 ശമ്പളം നൽകി ₹ 10,000

34. ആര്യ ലിമിറ്റഡിന്റെ ഇനിപ്പറയുന്ന ഇടപാടുകൾ ഇരട്ടകോളം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുക :

2022

ജനു. 1 കൈയ്യിലുള്ള പണം ₹ 12,000

ബാങ്കിലുള്ള പണം ₹ 18,000

4 പണത്തിനുള്ള വിൽപ്പന ₹ 6,000

6 സാധനങ്ങൾ വാങ്ങിച്ചു ₹ 4,500

8 ശമ്പളം നൽകി ₹ 4,000

9 ബാങ്കിൽ പണം നിക്ഷേപിച്ചു ₹ 2,000

12 സാധനങ്ങൾ ചെക്ക് നൽകി വാങ്ങിച്ചു ₹ 4,000

14 മഹേഷിൽ നിന്നും പണം ലഭിച്ചു ₹ 5,000

16 രാജീവിൽ നിന്നും ചെക്ക് ലഭിച്ചു ₹ 4,500

18 ഇൻഷുറൻസ് പ്രീമിയത്തിന് ചെക്ക് നൽകി ₹ 2,400

19 സാധനങ്ങൾ വാങ്ങിയതിന് പണം നൽകി ₹ 3,000

20 വാടക ചെക്കായി നൽകി ₹ 2,000

22 രാജീവനിൽ നിന്നും ലഭിച്ച ചെക്ക് ബാങ്കിൽ നിക്ഷേപിച്ചു ₹ 4,500

25 ഓഫീസ് ആവശ്യത്തിനായി ബാങ്കിൽ നിന്നും പണം പിൻവലിച്ചു ₹ 4,000

28 വ്യക്തി പരമായ ആവശ്യത്തിനുവേണ്ടി ബാങ്കിൽ നിന്നും പണം പിൻവലിച്ചു ₹ 1,500

35. The following information extracted from the Trial Balance of Global Traders for the year ended 31st March, 2023 :

Debit Balance	Amount (₹)	Credit Balance	Amount (₹)
Opening Stock	30,000	Capital	1,00,000
Rent	2,000	Creditors	25,000
Wages	4,000	Bills payable	18,000
Machinery	60,000	Sales	1,50,000
Building	90,000	Purchase return	1,000
Purchases	70,000	Loan	15,000
Sales return	2,000	Bank overdraft	6,700
Salary	8,000		
Bad debts	1,500		
Trade expenses	2,400		
Insurance	3,000		
Furniture	5,000		
Repairs	1,200		
Debtors	24,000		
Travelling expense	1,800		
Cash	2,800		
Bank	8,000		
	3,15,700		**3,15,700**

Adjustments :

(a) Closing Stock ₹ 20,000

(b) Wages outstanding ₹ 2,000

(c) Salaries prepaid ₹ 1,000

(d) Depreciate Building and Machinery at 5% p.a.

Prepare Trading and Profit and Loss account for the year ended 31st March, 2023 and a Balance Sheet.

35. ഗ്ലോബൽ ട്രേഡേഴ്സിന്റെ 2023 മാർച്ച് 31 നു അവസാനിക്കുന്ന വർഷത്തെ ശിഷ്ട പത്രത്തിൽ നിന്നും എടുത്തിട്ടുള്ള വിവരങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത് :

ഡെബിറ്റ് ബാലൻസ്	തുക (₹)	ക്രെഡിറ്റ് ബാലൻസ്	തുക (₹)
വർഷാദ്യ നിക്ഷിപ്പ്	30,000	മൂലധനം	1,00,000
വാടക	2,000	ക്രെഡിറ്റേഴ്സ്	25,000
കൂലി	4,000	ബിൽസ് പേയബിൾ	18,000
മെഷിനറി	60,000	സെയിൽസ്	1,50,000
കെട്ടിടം	90,000	പർച്ചേസ് റിട്ടേൺ	1,000
പർച്ചേസ്	70,000	ലോൺ	15,000
സെയിൽസ് റിട്ടേൺ	2,000	ബാങ്ക് ഓവർഡ്രാഫ്റ്റ്	6,700
ശമ്പളം	8,000		
കിട്ടാക്കടം	1,500		
വ്യാപാരചെലവ്	2,400		
ഇൻഷുറൻസ്	3,000		
ഫർണിച്ചർ	5,000		
റിപ്പയർ	1,200		
ഡെബ്റ്റേഴ്സ്	24,000		
യാത്രാച്ചെലവ്	1,800		
ക്യാഷ്	2,800		
ബാങ്ക്	8,000		
	3,15,700		**3,15,700**

ക്രമീകരണങ്ങൾ :

(a) വർഷാന്ത്യ നിക്ഷിപ്പ് ₹ 20,000

(b) കൂലി നൽകുവാനുള്ളത് ₹ 2,000

(c) ശമ്പളം മുൻകൂർ നൽകിയത് ₹ 1,000

(d) കെട്ടിടത്തിനും മെഷിനറിക്കും 5% വാർഷിക നിരക്കിൽ മൂല്യ ശോഷണം കണക്കാക്കുക.

2023 മാർച്ച് 31 ലെ വ്യാപാര ലാഭ നഷ്ടകണക്കും ബാക്കിപത്രവും തയ്യാറാക്കുക.